എന്നാൽ കൊടുങ്ങല്ലൂർ നഗരസഭ ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

(ബി) — (ഇ) ബാധകമല്ല.

കയർ മേഖലയിൽ കേന്ദ്രനിക്ഷേപം കൊണ്ടുവരാനുള്ള നിർദ്ദേശം

108 [2863] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:*
,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധിമൂലം ഒട്ടേറെ പരമ്പരാഗത തൊഴിലാളികൾ പട്ടിണിയിലായിരുന്നതായി മാദ്ധ്യമങ്ങളിൽവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കയർമേഖലയിൽ കേന്ദ്ര നിക്ഷേപം കൊണ്ടുവരാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പത്രവാർത്ത കണ്ടു.

(ബി) കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അഞ്ച് പദ്ധതികൾ അടങ്ങുന്ന ഒരു 'കോംപ്രിഹെൻസീവ് സ്കീം' സർക്കാരിന്റെ പരിഗണനയിലാണ്.

കയർ കയറ്റുമതി സംരക്ഷിക്കാൻ നടപടി

109 [2864] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ചാർജ് വർദ്ധിപ്പിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സ് (റ്റാമ്പ്)-ന് അപേക്ഷ നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

†അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

[1-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 108 (2863)-ന്റെ ഉത്തരം ദയവായി കാണുക]

കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

(1) കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കയർ കോർപ്പറേഷൻവഴിയും കയർഫെഡുവഴിയും ഡിസ്ട്രസ്സ് പർച്ചേസ് പദ്ധതി നടപ്പിലാക്കിവരുന്നു. 8 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(2) പീഡിതവും നിഷ്ക്രിയവുമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകി.

(3) കയർ സഹകരണ സംഘങ്ങൾക്കും, അപെക്സ് സംഘത്തിനും കയർ രംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിപണി വികസന സഹായം നൽകി വരുന്നു.

(4) കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

(5) കയർ തൊഴിലാളികൾക്ക് 1/4 എച്ച്. പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ ഉൽപ്പാദിപ്പിക്കാനുള്ള പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ച കയർ തൊഴിലാളികൾക്ക് മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ വിതരണം ചെയ്തുവരുന്നു.

(6) വനിതാ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം നൽകുന്നു. ഈ വർഷം 30,000 വനിതാ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ ലക്ഷ്യമിടുന്നു.

(7) ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സഹകാര്യമേഖലയിൽ യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന സഹകാര്യ സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 50% തുക പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

(8) ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് ഒരു റോമെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിന് കയർഫെഡിന് 200 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകി.

(9) കൂടാതെ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് പുറംരാജ്യങ്ങളിൽ നിന്ന് ചകിരി ഇറക്കുമതി ചെയ്യുന്നതിന് ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(10) കമ്പോളത്തിലെ ആവശ്യത്തിനനുസൃതമായ ഉൽപ്പന്നങ്ങൾ ഡിസൈൻ ചെയ്യാൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയറുള്ള കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകി.

(11) കയർ മേഖലയിൽ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുവാൻ ധനസഹായം നൽകിവരുന്നു.

(12) കയർ മേഖലയിൽ മൂല്യവർദ്ധിത കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കയർ സംസ്കരണ യന്ത്രങ്ങളുടെ നവീകരണം, ഗവേഷണ പരിപാടികൾ നടപ്പിലാക്കൽ എന്നീ ലക്ഷ്യങ്ങളോടെ ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

(13) കയർ ഒരു ഊന്നൽ മേഖലയായി കണക്കാക്കി, കയർ ജിയോ ടെക്സ്റ്റയിൽസിൽ പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(14) പിത്ത് യൂട്ടിലൈസേഷൻ പദ്ധതികൾക്ക് 30 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകിവരുന്നു.

(15) ആലപ്പുഴയിലും കൊല്ലത്തും മാതൃകാ കയർ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(16) ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന ഗവൺമെന്റും കയർബോർഡും ചേർന്ന് നൽകിയ പദ്ധതിയായ ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതി (Under IIUS) നടപ്പിലാക്കാൻ 58.68 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് ഇന്ത്യാ ഗവൺമെന്റ് അംഗീകരിക്കുകയും 14.2 കോടി രൂപ 2004-2005 സാമ്പത്തിക വർഷം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. തൊണ്ട് ശേഖരണ യൂണിറ്റുകൾ, തൊണ്ടിൽ നിന്നും ചകിരി വേർതിരിക്കൽ പ്ലാന്റ്, കയറുൽപ്പാദക യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ ഭൂവസ്ത്ര വികസനം, കയർ പിത്ത് സംസ്ക്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ, മലിനീകരണ സംസ്ക്കരണ പ്ലാന്റ് തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഫലമായി 23000 പേർക്ക് പ്രത്യക്ഷമായും 23000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും.

(17) SGSY പദ്ധതിയിൽ ഉൾപ്പെടുത്തി, കഞ്ഞിക്കുഴി കയർ വികസന പദ്ധതി, കേന്ദ്ര സർക്കാർ സഹായത്തോടെ കയർബോർഡ് നടപ്പാക്കിവരുന്നുണ്ട്.

(18) കയർബോർഡിന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ ഒരു ചകിരി വിതരണ കേന്ദ്രം തുറന്നു പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുവരെ 740 ടൺ ചകിരി ആ വിതരണ കേന്ദ്രം വഴി വിതരണം ചെയ്തിട്ടുണ്ട്.

(19) ഒരു ഹ്രസ്വകാല നടപടിയെന്ന നിലയിൽ ഇറക്കുമതി ചുങ്കം കൂടാതെ, അയൽ രാജ്യങ്ങളിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിന്, കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതു നടപ്പിലാക്കാൻ ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അവർ നടപടിയെടുക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly